I ഇ.ബി. XIV - കേരള നിയമസഭ/XVIII-6

# പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

## (ചോദ്യോത്തരങ്ങൾ ഒഴികെ)

2020 ഫെബ്രുവരി 06, വ്യാഴം

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

## II അടിയന്തരപ്രമേയം

ദേശീയ ജനസംഖ്യാ രജിസ്റ്റർ

മി. സ്പീക്കർ: കേന്ദ്ര സർക്കാരിന്റെ ദേശീയ ജനസംഖ്യാ രജിസ്റ്ററുമായി ബന്ധപ്പെട്ട നിരവധി ചോദ്യങ്ങൾ ചോദ്യാവലിയിൽ ഉൾപ്പെടുത്തി വിവരങ്ങൾ ശേഖരിക്കുന്ന സെൻസസ് നടപടി ആരംഭിക്കാനുള്ള സംസ്ഥാന സർക്കാരിന്റെ തീരുമാനംമൂലം ജനങ്ങളിൽ ഉടലെടുത്തതായി പറയപ്പെടുന്ന ആശങ്ക

സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കെ. എം. ഷാജി, കെ. സി. ജോസഫ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സുപ്രീംകോടതി വിധിപ്രകാരം വോട്ടവകാശമില്ലാത്ത അംഗം ശ്രീ. കെ. എം. ഷാജി വോട്ടവകാശമുള്ള ഒരു പ്രമേയം അവതരിപ്പിക്കുന്നത് ക്രമപ്രകാരമാണോയെന്ന് ചെയർ റൂൾ ചെയ്യണം.

ശ്രീ. വി. ഡി. സതീശൻ: ശ്രീ. കെ. എം. ഷാജിക്ക് വോട്ടെടുപ്പ് പ്രക്രിയയിൽ മാത്രം പങ്കെടുക്കാൻ പാടില്ലെന്നതാണ് സുപ്രീംകോടതി വിധി എന്നതിനാൽ ഈ തടസ്സവാദം പിൻവലിക്കണം.

മി. സ്പീക്കർ: ശ്രീ. കെ. എം. ഷാജിയുടെ വോട്ടവകാശം മാത്രമേ സുപ്രീംകോടതി തടഞ്ഞിട്ടുള്ളൂ എന്നതിനാൽ സഭാംഗം എന്ന നിലയിൽ മറ്റെല്ലാ നടപടിക്രമങ്ങളിലും അദ്ദേഹത്തിന് പങ്കെടുക്കാൻ അവകാശമുണ്ട് എന്നതാണ് ചെയറിന്റെ നിരീക്ഷണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): പൗരത്വ രജിസ്റ്ററിന് ആധാരമായ

ജനസംഖ്യാ രജിസ്റ്റർ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട എന്യൂമറേഷൻ നടപടികൾ സംസ്ഥാനത്ത് നടത്തുകയില്ലെന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. ഇതുസംബന്ധിച്ച കേന്ദ്രഗവൺമെന്റിന്റെ ഉത്തരവ് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനത്തിൽ സ്റ്റേ ഉത്തരവ് നൽകുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. എൻ.പി.ആർ. തയ്യാറാക്കാനുള്ള ചോദ്യാവലി സെൻസസിന്റെ ഭാഗമായി ഉണ്ടാകുമെന്ന ആശങ്കയ്ക്ക് യാതൊരടിസ്ഥാനവുമില്ല.

<u>ശ്രീ. കെ. എം. ഷാജി</u>: എൻ.ആർ.സി.-യും എൻ.പി.ആർ.-ഉം നടപ്പാക്കുന്നതിൽ സംസ്ഥാന ഗവൺമെന്റിന് പങ്കില്ലെന്നത് വസ്തുതയാണെങ്കിലും സംസ്ഥാന മെഷിണറിയെ ഇതിനായി ഉപയോഗിക്കുന്നു എന്നത് ഗുരുതരമായ വിഷയമാണ്. സംസ്ഥാന ഗവൺമെന്റ് എന്യൂമറേറ്റേഴ്സിനെ നിയമിക്കുന്നതുവഴി അവരുടെമേലുള്ള നിയന്ത്രണം സെൻട്രൽ സെൻസസ് കമ്മീഷനിൽ നിക്ഷിപ്തമാകുകയും എൻ.പി.ആർ. തയ്യാറാക്കുന്നതിനാവശ്യമായ രേഖകൾ ശേഖരിക്കുന്നതിന് എന്യൂമറേറ്റേഴ്സിനെ ഉപയോഗിക്കുകയും ചെയ്യും. സെൻസസിലും എൻ.പി.ആർ.-ലുമുള്ള ചോദ്യാവലികൾ ഒന്നായതിനാൽ സെൻസസ് പ്രക്രിയയിലൂടെ എൻ.പി.ആർ. തയ്യാറാക്കാൻ സാധിക്കും.

കേന്ദ്രഗവൺമെന്റിനുവേണ്ടി സെൻസസിന്റെ മറവിൽ എൻ.പി.ആർ. തയ്യാറാക്കുന്ന നടപടി സ്വീകരിച്ചാൽ ശക്തമായി എതിർക്കും. പൗരത്വ ഭേദഗതി നിയമത്തിനെതിരെ പ്രായോഗിക ബുദ്ധിയോടെ പോരാടാൻ സർക്കാർ തയ്യാറാകണം. എൻ.പി.ആർ.-ഉമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ വിളിച്ചുചേർത്ത യോഗത്തിൽ പങ്കെടുത്ത സംസ്ഥാന സർക്കാരിന്റെ പ്രതിനിധികൾ വിയോജനക്കുറിപ്പ് രേഖപ്പെടുത്താൻപോലും തയ്യാറാകാത്തത് ഖേദകരമാണ്. എൻ.പി.ആർ. വിഷയത്തിൽ വ്യക്തതയുണ്ടാകുന്നതുവരെ എന്യൂമറേറ്റേഴ്സ് മുഖാന്തരം നടത്തിവരുന്ന സെൻസസ് നടപടിക്രമങ്ങൾ നിർത്തിവയ്ക്കാൻ തയ്യാറാകണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): പ്രസ്തുത അടിയന്തരപ്രമേയ വിഷയം യാതൊരാശങ്കയ്ക്കും സംശയത്തിനും ഇടനൽകുന്നതല്ല. ഇന്ത്യൻ ഭരണഘടനയെയും രാജ്യത്തിന്റെ മതനിരപേക്ഷതയെയും തകർക്കാനുള്ള നീക്കങ്ങൾക്കെതിരെ ശക്തമായ ഇടപെടൽ നടത്തിയതിലൂടെ സംസ്ഥാനത്ത് തീവ്രവാദ പ്രവർത്തനങ്ങൾക്ക് തടയിടാനും മതനിരപേക്ഷതയിൽ ഊന്നിയുള്ള കേരള സംസ്കാരം ഉയർത്തിപ്പിടിക്കാനും സാധിച്ചുവെന്നത് യാഥാർത്ഥ്യമാണ്.

നാടിന്റെ പൊതുസംസ്കാരം സംരക്ഷിക്കുന്നതിന് ജാതി-മത വിവേചനങ്ങൾക്കതീതമായി ഒറ്റക്കെട്ടായി നിൽക്കാൻ തയ്യാറാകണം. രാജ്യത്തിന്റെ പൊതുതാൽപ്പര്യം സംരക്ഷിക്കുന്ന കാര്യത്തിൽ ജനങ്ങൾക്കൊപ്പം ഉറച്ചുനിൽക്കാൻ സർക്കാർ സന്നദ്ധമാണ്; ഇതുസംബന്ധിച്ച സർക്കാർ നിലപാട് വ്യക്തമാക്കിയിട്ടുള്ളതാണ്. സെൻസസ് നടപടിക്രമങ്ങളുമായി സഹകരിക്കുമെന്നും എൻ.പി.ആർ. നടപ്പാക്കില്ലെന്ന കാര്യത്തിൽ സർക്കാരിന് വ്യക്തമായ കാഴ്ചപ്പാടാണുള്ളതെന്നും സംസ്ഥാനത്ത് ഡിറ്റൻഷൻ സെന്ററുകൾ സ്ഥാപിക്കില്ലെന്നും കേന്ദ്ര സർക്കാരിനോട് വ്യക്തമാക്കിയിട്ടുണ്ട്. എൻ.ആർ.സി. തയ്യാറാക്കുന്നതിലേയ്ക്കായി എൻ.പി.ആർ.-ൽ ഉൾപ്പെടുത്തിയ ചോദ്യങ്ങൾ ഒഴിവാക്കാൻ നടപടി സ്വീകരിക്കുന്നതാണ്. എൻ.പി.ആർ. നടപടികൾ നിർത്തിവച്ചുകൊണ്ട് ഉത്തരവിറക്കുകയും ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുള്ള സംസ്ഥാനതല സെൻസസ് കോ-ഓർഡിനേഷൻ കമ്മിറ്റിയിലും അതത് ജില്ലാ കളക്ടർമാരുമായി നടത്തിയ യോഗത്തിലും ഇക്കാര്യം സംബന്ധിച്ച് വ്യക്തമായ നിർദ്ദേശം നൽകിയിട്ടുമുണ്ട്. എൻ.പി.ആർ. തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് യാതൊരു നടപടിയും സ്വീകരിക്കരുതെന്നും വീഴ്ച വരുത്തുന്നവർക്കെതിരെ

അച്ചടക്കനടപടി സ്വീകരിക്കുന്നതാണെന്നും ഉദ്യോഗസ്ഥർക്ക് പൊതുഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി നിർദ്ദേശം നൽകിയിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ നോട്ടിഫിക്കേഷൻ റദ്ദുചെയ്യാനുള്ള അധികാരം സംസ്ഥാന സർക്കാരുകൾക്കില്ലാത്തതിനാലാണ് പൗരത്വ ഭേദഗതി നിയമം സംസ്ഥാനത്ത് നടപ്പാക്കാൻ സാധിക്കില്ലെന്ന നിലപാട് സ്വീകരിച്ചത്. എൻ.പി.ആർ. നടപടികൾ നിർത്തിവയ്ക്കുന്നതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച ഉത്തരവ് സംബന്ധിച്ച ആശങ്കകൾ പരിശോധിക്കുന്നതാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ രമേശ് ചെന്നിത്തല, പി. ജെ. ജോസഫ്, അനൂപ് ജേക്കബ്, ഡോ. എം. കെ. മുനീർ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## II ശ്രദ്ധക്ഷണിക്കൽ

### (1) മൂല്യാധിഷ്ഠിത ജീവിതചര്യ രൂപപ്പെടുത്തുന്നതിനുള്ള സംയുക്ത കർമ്മപദ്ധതികൾ

ശ്രീമതി ഇ. എസ്. ബിജിമോൾ: ബോധവൽക്കരണ പരിപാടികളും ലഹരി വിരുദ്ധ ക്യാമ്പയിനുകളും നടത്തുന്നുണ്ടെങ്കിലും യുവാക്കളിൽ ലഹരിപദാർത്ഥങ്ങളുടെ ഉപയോഗം വർദ്ധിച്ചുവരികയും നിയമത്തിന്റെ പരിമിതികൾ കാരണം ലഹരി വ്യാപനം ഫലപ്രദമായി തടയാനും കഴിയാത്ത സ്ഥിതിയാണുള്ളത്. വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെയും പൊതുസമൂഹത്തിന്റെ ഇടപെടലോടെയും സംയുക്ത കർമ്മപദ്ധതികൾ നടപ്പാക്കി കൗമാരക്കാർക്കിടയിലെ ലഹരി ഉപയോഗം ഇല്ലാതാക്കുന്നതിന് ശക്തമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ബോധവൽക്കരണവും നിയമനിർവ്വഹണവും ലക്ഷ്യമിട്ട് വിമുക്തി മിഷൻ രൂപീകരിച്ചതിനു പുറമെ വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നിരവധി പദ്ധതികളും നടപ്പാക്കിവരുന്നുണ്ട്. കൗമാരക്കാരെ വഴിതെറ്റിക്കുന്ന ഇന്റർനെറ്റ് സൈറ്റുകൾ നിരീക്ഷിക്കുകയും ഓൺലൈൻ കുറ്റകൃത്യങ്ങൾ കണ്ടെത്തി നിയമ നടപടികൾ

സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ജനമൈത്രി സുരക്ഷാ പദ്ധതിയുടെ ഭാഗമായി സൈബർ ബോധവൽക്കരണ ക്ലാസുകളും കുട്ടികൾക്കാവശ്യമായ കൗൺസിലിംഗും ഏർപ്പെടുത്തിയിട്ടുണ്ട്. 'കാവൽ' പദ്ധതി വഴി കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന കുട്ടികൾ വീണ്ടും വഴിതെറ്റുന്ന പ്രവണത തടയാൻ സാധിച്ചിട്ടുണ്ട്. ഉത്തരവാദിത്വ രക്ഷാകർതൃത്വം ഉറപ്പുവരുത്തുന്നതിനായി അങ്കണവാടികൾ കേന്ദ്രീകരിച്ച് മാതാപിതാക്കളെയും പൊതുസമൂഹത്തെയും ബോധവൽക്കരിക്കുന്നതിനായി 'കരുതൽ സ്പർശം' എന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

(2) ഭിന്നശേഷിക്കാരുടെ പ്രശ്നങ്ങൾ

ശ്രീ. അബ്ദുൽ ഹമീദ് പി.: ഭിന്നശേഷിക്കാരുടെ പുനരധിവാസവും അവകാശസംരക്ഷണവും ലക്ഷ്യമാക്കി കേന്ദ്ര സർക്കാർ പാസ്സാക്കിയ നിയമത്തിനനുസൃതമായ ചട്ടങ്ങൾ സംസ്ഥാനത്ത് രൂപീകരിക്കാൻ നടപടി സ്വീകരിക്കണം. ഭിന്നശേഷിക്കാർക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനായി നടപ്പിലാക്കുന്ന 'കൈവല്യ പദ്ധതി'-ക്ക് ഫണ്ട് ലഭ്യമാക്കണം. മുടങ്ങിക്കിടക്കുന്ന 'ആശ്വാസ കിരണം പദ്ധതി' സുഗമമായി മുന്നോട്ടുകൊണ്ടുപോകുന്നതിന് നടപടിയുണ്ടാകണം. ബഹുമുഖ വൈകല്യങ്ങളുള്ളവരെ പഠിപ്പിക്കാൻ പ്രത്യേക

പരിശീലനം നൽകുന്നതിനായി ടീച്ചർ ട്രെയിനിംഗ് സെന്ററുകൾ ആരംഭിക്കുന്നതിനും സ്പെഷ്യൽ സ്കൂളുകളിൽ പഠിക്കുന്ന ശ്രവണ-സംസാര വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികളുടെ പഠന നിലവാരമുയർത്തുന്നതിനും പദ്ധതികൾ നടപ്പാക്കണം. ആംഗ്യഭാഷ വിവർത്തന സംവിധാനം വ്യാപകമാക്കാനും ആംഗ്യഭാഷ പാഠ്യപദ്ധതിയുടെ ഭാഗമാക്കാനും ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളുടെ എണ്ണത്തിനാനുപാതികമായി ഫണ്ട് ലഭ്യമാക്കാനും നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): ഭിന്നശേഷി സൗഹൃദ സംസ്ഥാനമാക്കി കേരളത്തെ മാറ്റുകയാണ് സർക്കാരിന്റെ ലക്ഷ്യം. കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖേന ഭിന്നശേഷിക്കാരുടെ വിവിധ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് നടന്നുവരുന്നുണ്ട്. വൈകല്യങ്ങൾ നേരത്തെ കണ്ടെത്തി ആവശ്യമായ ഇടപെടലുകൾ നടത്തുന്നതിനായി ദേശീയ ആരോഗ്യമിഷന്റെയും കെ.എസ്.എസ്.എം.യുടെയും നേതൃത്വത്തിൽ എല്ലാ ജില്ലകളിലും അത്യന്താധുനിക രീതിയിലുള്ള ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ ആരംഭിക്കുന്നതാണ്. നിഷിനെ ഒരു അപെക്സ് സെന്ററായി മാറ്റുന്നതിനും

ശ്രവണ വൈകല്യമുള്ള കുട്ടികൾക്ക് അനുയോജ്യമായ രീതിയിൽ പ്രത്യേക പരിശീലനം ലഭിച്ച അദ്ധ്യാപകരുടെ സാന്നിദ്ധ്യവും ആംഗ്യഭാഷയിലുള്ള പഠനരീതികളും ഉറപ്പുവരുത്തുന്നതിനുമായി വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള അദ്ധ്യാപകർക്ക് നിഷ് മുഖേന പരിശീലനം നല്കാനുള്ള പരിപാടി ആരംഭിച്ചിട്ടുണ്ട്. സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ ആധുനിക ഉപകരണങ്ങൾ നിർമ്മിക്കുന്ന നിർമ്മാണശാല ആരംഭിക്കാനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിവരികയാണ്. ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് എണ്ണത്തിനാനുപാതികമായി പഞ്ചായത്തുകൾ ഫണ്ട് വകയിരുത്തുന്നതുമായി ബന്ധപ്പെട്ട വിഷയം തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

## III സബ്മിഷൻ

### (1) ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡിന്റെ പ്രവർത്തനം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡിനെ പുനരുജ്ജീവിപ്പിക്കുന്നതിനും വിരമിച്ച ജീവനക്കാർക്കുള്ള ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. കെ. സുരേഷ് കുറുപ്പ്: ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള ഉപയോഗശൂന്യമായ സ്ഥലം വിൽപ്പന നടത്തണമെന്നുള്ള ട്രേഡ് യൂണിയനുകളുടെ നിർദ്ദേശം പരിഗണിക്കണം.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): കക്ക ഖനനം നിർത്തിവയ്ക്കേണ്ടിവന്നതിനാൽ നിർമ്മാണച്ചെലവിലുണ്ടായ വർദ്ധനവുമൂലം നഷ്ടത്തിൽ പ്രവർത്തിച്ചുവരുന്ന ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡിനെ വാൾപുട്ടി നിർമ്മാണത്തിലൂടെയും മറ്റ് ചെലവ് ചുരുക്കൽ പദ്ധതിവഴിയും പുനരുജ്ജീവിപ്പിക്കാനുള്ള ശ്രമങ്ങൾ നടത്തിവരികയാണ്. വിരമിച്ച ക്രമമനുസരിച്ച് ജീവനക്കാരുടെ ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള ശ്രമം ആരംഭിക്കുകയും ടി ജീവനക്കാരുടെ 2019 ജനുവരി വരെയുള്ള പി.എഫ്. തുക ഏകദേശം അടച്ചുതീർക്കുകയും ചെയ്തിട്ടുണ്ട്. കമ്പനിയുടെ ഉടമസ്ഥതയിലുള്ള ഉപയോഗശൂന്യമായ സ്ഥലം മറ്റേതെങ്കിലും പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കൈമാറുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(2) മിനി സിവിൽ സ്റ്റേഷൻ

ശ്രീ. ടി. വി. ഇബ്രാഹിം: കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷന് സ്ഥലം

അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിന് ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ലാന്റ് റവന്യൂ കമ്മീഷണർക്ക് സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസൽ പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

(3) എക്കൽ നീക്കം ചെയ്യൽ

ചീഫ് വിപ്പ് (ശ്രീ. കെ. രാജൻ): പീച്ചി ഡാമിൽ അടിഞ്ഞുകൂടിയ എക്കൽ നീക്കം ചെയ്ത് ഡാമിന്റെ സംഭരണശേഷി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): പീച്ചി പദ്ധതിക്കുവേണ്ടി അനുവദിച്ചിട്ടുള്ള ഫണ്ടുപയോഗിച്ച് കനാലുകളുടേയും ഡാമിന്റെയും അനുബന്ധ നിർമ്മിതികളുടേയും അടിയന്തര അറ്റകുറ്റപ്പണികൾ നടത്തിവരികയാണ്. ഡാമുകളിൽ അടിഞ്ഞു കൂടിയിട്ടുള്ള മണലും ചെളിയും നീക്കം ചെയ്യാനായി സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീഡുവർ തയ്യാറാക്കിയിട്ടുണ്ട്. ജലസേചന വകുപ്പിന് കീഴിലുള്ള ആറ് ചെക്ക് ഡാം/റെഗുലേറ്റർ എന്നിവയിലെ മണലും ചെളിയും നീക്കം ചെയ്യുന്നതിന് അനുമതി നൽകി പ്രവൃത്തികൾ ടെണ്ടർ

ചെയ്യാനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

(4) റെഗുലേറ്റർ-കം-ബ്രിഡ്ജ്

ശ്രീ. വി. അബ്ദുറഹിമാൻ: താനൂർ, പെരിയാപുരം വില്ലേജുകളുൾപ്പെട്ട പൂരപ്പുഴയിൽ റെഗുലേറ്റർ-കം-ബ്രിഡ്ജ് സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): താനൂർ, പെരിയാപുരം വില്ലേജുകളുൾപ്പെട്ട പ്രദേശങ്ങളിൽ ഉപ്പുവെള്ളം കലരുന്നത് തടയാൻ കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്ന പൂരപ്പുഴ റെഗുലേറ്റർ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ ആരംഭിച്ച് എസ്റ്റിമേറ്റ് പ്രകാരം ബോർഹോളുകൾ എടുത്ത് തുടർനടപടികൾ സ്വീകരിച്ചുവെങ്കിലും നിർദ്ദേശിക്കപ്പെട്ട സ്ഥാനം അനുയോജ്യമല്ലാത്തതിനാൽ പുതിയ സ്ഥലത്ത് റെഗുലേറ്റർ നിർമ്മിക്കുന്നതിനുള്ള സാധ്യത പരിശോധിച്ചുവരികയാണ്. സമയബന്ധിതമായി പുതിയ സൈറ്റ് കണ്ടെത്തി തുടർനടപടികൾ സ്വീകരിക്കുന്നതാണ്. റെഗുലേറ്റർ-കം-ബ്രിഡ്ജ് സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ

ഉൾപ്പെടുത്തുന്നതിനായി ധനകാര്യ വകുപ്പുമന്ത്രിക്ക് കൈമാറിയിട്ടുണ്ട്.

(5) പൈപ്പ് ലൈൻ റോഡ് പുനരുദ്ധാരണം

ശ്രീ. അൻവർ സാദത്ത്: ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ആലുവ-പാലാരിവട്ടം പൈപ്പ് ലൈൻ റോഡിന്റെ പുനരുദ്ധാരണത്തിന് കേരള വാട്ടർ അതോറിറ്റിയിൽനിന്നും എൻ.ഒ.സി. ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ കെ. കൃഷ്ണൻകുട്ടി): പൈപ്പ് ലൈനുകളുടെ സുരക്ഷ ഉറപ്പാക്കി നിബന്ധനകൾക്ക് വിധേയമായി ആലുവ പൈപ്പ് ലൈൻ റോഡിൽ വാഹനഗതാഗതം അനുവദിക്കാനാണ് എൻ.ഒ.സി. നിഷ്കർഷിക്കുന്നത്. ജല അതോറിറ്റി ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ പൈപ്പുകളുടെ പൂർണ്ണസുരക്ഷ ഉറപ്പാക്കിയാണ് പൈപ്പ് ലൈൻ റോഡുകൾ ഗതാഗതയോഗ്യമാക്കുന്നത്. എൻ.ഒ.സി. ലഭ്യമാക്കുന്നതിന് തുടർനടപടി സ്വീകരിക്കാൻ കേരള വാട്ടർ അതോറിറ്റിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(6) മാമം നാളികേര കോംപ്ലക്സ്

ശ്രീ. ബി. സത്യൻ: മാമം നാളികേര കോംപ്ലക്സിന്റെ നിലവിലെ പ്രതിസന്ധി പരിഹരിച്ച് വികസന പ്രവർത്തനങ്ങൾക്കാവശ്യമായ നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): മാമം നാളികേര കോംപ്ലക്സിന്റെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് പ്രതിദിനം 1000 ലിറ്റർ ഉല്പാദനശേഷിയുള്ള വെർജിൻ കോക്കനട്ട് ഓയിൽ പ്ലാന്റ് സ്ഥാപിച്ച് കേരജം വെർജിൻ കോക്കനട്ട് ഓയിൽ എന്ന ബ്രാന്റിൽ വിപണനം നടത്തിവരികയാണ്. പ്രതിദിനം 30 മെട്രിക് ടൺ ഉൽപ്പാദനശേഷിയുള്ള വെളിച്ചെണ്ണ മില്ലും 4000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള അഗ്രിമാളും സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 2015-നുശേഷം ആരംഭിച്ച പുനരുദ്ധാരണ പ്രവർത്തനങ്ങൾ ഈ സാമ്പത്തികവർഷം പൂർത്തീകരിക്കുന്നതാണ്.

(7) വാഴക്കോട് പച്ചക്കറി സംഭരണ-വിതരണ കേന്ദ്രം

ശ്രീ. യു. ആർ. പ്രദീപ്: തൃശ്ശൂർ ജില്ലയിലെ ചേലക്കര നിയോജകമണ്ഡലത്തിൽ കർഷകർക്കായി പച്ചക്കറി സംഭരണ-വിതരണ കേന്ദ്രം സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): തൃശ്ശൂർ ജില്ലയിലെ ചേലക്കര നിയോജകമണ്ഡലത്തിലെ മുള്ളൂർക്കര ഗ്രാമപഞ്ചായത്തിലുൾപ്പെടുന്ന വാഴക്കോട് പ്രദേശത്ത് റവന്യൂ വകുപ്പിന്റെ അധീനതയിലുള്ള ഭൂമി കൃഷി

വകുപ്പിന് ലഭ്യമാകുന്ന മുറയ്ക്ക് ഹോർട്ടികോർപ്പിന്റെ സംഭരണ-വിതരണ കേന്ദ്രം ശീതീകരണ സംവിധാനത്തോടെ ആരംഭിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

(8) ഹീമോഫീലിയ രോഗികൾക്ക് സൗജന്യ സഹായം

ശ്രീ. എം. വിൻസെന്റ്: ഹീമോഫീലിയ രോഗികൾക്ക് കാരുണ്യ ഫാർമസികൾ വഴിയുള്ള സൗജന്യ സഹായം തുടർന്നും നൽകുന്നതിന് നടപടി സ്വീകരിക്കണം.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ഹീമോഫീലിയ രോഗികൾക്ക് കാരുണ്യ ഫാർമസികൾ വഴിയുള്ള സൗജന്യസഹായം മാർച്ച് 31-നുശേഷവും തുടരാൻ നടപടി സ്വീകരിക്കണം.

ഡോ. എം. കെ. മുനീർ: പരീക്ഷാസമയങ്ങളിൽ ഹീമോഫീലിയ രോഗികളായ വിദ്യാർത്ഥികൾക്ക് മരുന്ന് ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): കാരുണ്യ ബെനവലന്റ് പദ്ധതിയിലുൾപ്പെടുത്തി ഹീമോഫീലിയ രോഗികൾക്ക് സൗജന്യമായി മരുന്ന് നൽകിയിരുന്നുവെങ്കിലും ടി പദ്ധതി അവസാനിപ്പിച്ച് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കിയപ്പോൾ ഹീമോഫീലിയ രോഗികളെ

ഉൾപ്പെടുത്താൻ സാധിച്ചില്ല. ഇതൊരു പ്രത്യേക കേസ്സായി പരിഗണിച്ച് 2020 മാർച്ച് 31 വരെ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി സൗജന്യമായി മരുന്നുകൾ വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഹീമോഫീലിയ ബാധിതരായ 1058 രോഗികൾക്ക് തുടർ ചികിത്സയ്ക്കാവശ്യമായ മരുന്നുകൾ കരുതൽ ശേഖരമായി സൂക്ഷിക്കുന്നുണ്ട്. മറ്റ് രോഗങ്ങളിൽനിന്നും വിഭിന്നമായി ഹീമോഫീലിയ രോഗികൾക്ക് രക്തസ്രാവമോ ശസ്ത്രക്രിയയോ വേണ്ടിവരുമ്പോൾ കണക്കുകൂട്ടലിനെക്കാൾ കൂടുതൽ മരുന്ന് ആവശ്യമായിവരും. അത്തരം സാഹചര്യങ്ങളിൽ അവസരോചിതമായ ഇടപെടലിലൂടെ മരുന്നുകളുടെ ലഭ്യത ഉറപ്പാക്കാറുണ്ട്. മാർച്ച് 31-നുശേഷം മരുന്നുകൾ വിതരണം ചെയ്യുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്തിട്ടുണ്ട്. ഇത്തരം രോഗങ്ങൾ സംബന്ധിച്ച് സമഗ്രമായൊരു പദ്ധതി ആവിഷ്ക്കരിക്കാൻ ഡോ. രത്തൻ യു. ഖേൽക്കറിന്റെ നേതൃത്വത്തിൽ പഠനം നടത്തുന്നുണ്ട്.

## (9) ജപ്തി നടപടികൾ

ശ്രീ. മാത്യു ടി. തോമസ്: അപ്പർ കുട്ടനാട് മേഖലയിലെ നെൽകർഷകർ സംഭരിച്ച നെല്ലിനുള്ള വില നൽകി ജപ്തി നടപടികളിൽനിന്നും ഒഴിവാക്കാൻ

നടപടി സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സംഭരിക്കുന്ന നെല്ലിന്റെ വില പി.ആർ.എസ്. ലോൺ വഴി കർഷകർക്ക് നൽകുന്നതിനായി കേരളത്തിലെ 15 ദേശസാൽകൃത ബാങ്കുകളുമായി സപ്ലൈകോ ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. പ്രസ്തുത വായ്പാ പദ്ധതിപ്രകാരം കർഷകർക്ക് തുക ലഭ്യമാക്കിയെങ്കിലും കേന്ദ്രഫണ്ട് ലഭ്യമാകാൻ വൈകുന്നതുമൂലം വായ്പ സമയബന്ധിതമായി തിരിച്ചടയ്ക്കാൻ സാധിച്ചിട്ടില്ല. സംസ്ഥാനതല ബാങ്കേഴ്സ് സമിതിയുമായി സർക്കാർ നടത്തിയ ചർച്ചയിൽ സമയപരിധി കഴിഞ്ഞ ലോൺ തുക പൂർണ്ണമായും 2020 മാർച്ച് 31-ന് മുമ്പായി ബാങ്കുകൾക്ക് നൽകാമെന്നറിയിച്ചിട്ടുണ്ട്. ആർ.ബി.ഐ.-യുടെ അനുമതിക്ക് വിധേയമായി മൊറട്ടോറിയം കാലാവധി പി.ആർ.എസ്. വായ്പയ്ക്കുകൂടി ബാധകമാക്കാവുന്നതും ടി വായ്പ തുടർന്നും നൽകാൻ തീരുമാനിച്ചിട്ടുള്ളതുമാണ്. കേന്ദ്ര ഗവൺമെന്റിൽനിന്നും ലഭ്യമാകുന്ന തുകയിൽനിന്നും എസ്.ബി.ഐ. ഉൾപ്പെടെയുള്ള ബാങ്കുകൾക്ക് തിരിച്ചടച്ച് നെല്ല് സംഭരണം സുഗമമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(10) പുനരധിവാസം

ശ്രീ. ടി. ജെ. വിനോദ്: കൊച്ചി പി. & ടി. കോളനി നിവാസികളെ പുനരധിവസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): കൊച്ചി നഗരസഭാ പരിധിയിലുള്ള രാമേശ്വരം വില്ലേജിൽ ജി.സി.ഡി.എ. ഉടമസ്ഥതയിലുള്ള 70 സെന്റ് സ്ഥലത്ത് ഭവന സമുച്ചയം നിർമ്മിച്ച് പി. & ടി. കോളനിയിലെ കുടുംബങ്ങളെ പുനരധിവസിപ്പിക്കാനുള്ള പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. തൃശ്ശൂർ ജില്ലാ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി മുഖേന പ്രവൃത്തി നടപ്പാക്കുന്നതിന് ഡിസൈനും ഗുണനിലവാര പരിശോധനയും ഐ.ഐ.ടി. നിലവാരത്തിലുള്ള വിദഗ്ദ്ധ ഏജൻസികൾ വഴി നടത്തണമെന്ന നിബന്ധനയോടുകൂടി ലൈഫ് മിഷൻ എൻ.ഒ.സി. നൽകിയതിൻപ്രകാരം കെട്ടിടത്തിന്റെ അടിത്തറയുടെ ഡിസൈൻ പരിശോധിക്കുന്നതിന് ഐ.ഐ.ടി.-യോട് ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ടെക്നിക്കൽ സാംഗ്ഷൻ നൽകി ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പണി ആരംഭിക്കുന്നതിന് ജി.സി.ഡി.എ.-യ്ക്ക് നിർദ്ദേശം

നൽകുന്നതാണ്.

## IV മേശപ്പുറത്തുവച്ച കടലാസുകൾ

'സാമ്പത്തിക അവലോകനം-2019'-ഉം ലിസ്റ്റ് - 1 [ചട്ടം 236(5)], ലിസ്റ്റ്-2 [ചട്ടം 236(6)] അനുസരിച്ചുള്ള കടലാസ്സുകളും മേശപ്പുറത്തുവച്ചു.

## V ഗവൺമെന്റ് പ്രമേയം

ആദായ നികുതി നിയമത്തിലെ 6-ാം വകുപ്പിലെ ഭേദഗതി നിർദ്ദേശം ഒഴിവാക്കണമെന്നത് സംബന്ധിച്ച്

മുഖ്യമന്ത്രിക്കുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

"പ്രവാസികൾക്ക് ആദായനികുതി ചുമത്തുന്ന വ്യവസ്ഥയിൽ മാറ്റം വരുത്തിക്കൊണ്ട് 2020-21-ലേയ്ക്കുള്ള കേന്ദ്ര ബഡ്ജറ്റിന്റെ ഭാഗമായി ഫെബ്രുവരി 1-ാം തീയതി ലോകസഭയുടെ മേശപ്പുറത്തുവച്ച ധനകാര്യ ബില്ലിൽ 1961-ലെ ആദായ നികുതി നിയമത്തിന്റെ 6-ാം വകുപ്പിൽ 01-04-2021 മുതൽ പ്രാബല്യത്തിൽ വരുന്ന രീതിയിൽ മാറ്റം നിർദ്ദേശിച്ചിരിക്കുന്നു. നിലവിൽ ഒരു ഇന്ത്യൻ പൗരനോ ഇന്ത്യൻ വംശജനോ ഒരു സാമ്പത്തിക വർഷത്തിൽ 182 ദിവസമോ അതിൽ കൂടുതലോ ഇൻഡ്യയിൽ താമസിക്കുന്ന ഘട്ടത്തിലാണ്

ആദായ നികുതിയുടെ കാര്യത്തിൽ റസിഡന്റ് (Resident) ആയി കണക്കാക്കപ്പെടുന്നത്. 2021 ഏപ്രിൽ 1 മുതൽ ഈ കാലാവധി '120 ദിവസമോ അതിൽ കൂടുതലോ' ആയി കുറയ്ക്കാനാണ് ഭേദഗതി നിർദ്ദേശം.

ടാക്സ് വെട്ടിപ്പ് തടയാനാണെന്ന നിലയിൽ കൊണ്ടുവന്ന ഈ നിർദ്ദേശം കേരളത്തിൽനിന്ന് ഗൾഫ് രാജ്യങ്ങളിൽ തൊഴിലെടുക്കാൻ പോകുന്ന വലിയൊരു വിഭാഗം പ്രവാസികൾക്ക് അവരുടെ കുടുംബത്തോടൊപ്പം വന്ന് തങ്ങാൻ കഴിയാത്ത അവസ്ഥ സൃഷ്ടിക്കും. വരുമാന നികുതി വെട്ടിക്കാനല്ല, മറിച്ച് കുടുംബപരമായ ആവശ്യങ്ങൾക്കാണ് അവർ ഇപ്രകാരം രാജ്യത്ത് വന്നുതങ്ങുന്നത്.

പശ്ചിമേഷ്യൻ രാജ്യങ്ങളിൽ ജോലിയെടുക്കുന്ന ചെറുകിട ബിസിനസ് സംരംഭകരുടെ വരുമാനം ഗണ്യമായി കുറയ്ക്കുന്നതിന് ഇത് ഇടവരുത്തും. 240 ദിവസമെങ്കിലും വിദേശത്ത് തങ്ങിയാൽ മാത്രമേ അവർക്ക് നോൺ റസിഡന്റ് സ്റ്റാറ്റസ് നിലനിർത്താനാകൂ. നിലവിൽ ഇതിന് 182 ദിവസം മതിയാകും. എണ്ണ റിഗ്ഗുകളിലും മറ്റും തൊഴിൽ ചെയ്യുന്ന വ്യക്തികൾ ഒരു മാസം ഓഫ് ഡ്യൂട്ടിയായി നാട്ടിൽ വരാറുണ്ട്. ഇവരെയും ഈ ഭേദഗതി പ്രതികൂലമായി ബാധിക്കുമെന്ന ആശങ്കയുണ്ട്.

കേരളത്തിന്റെ സാമ്പത്തികരംഗത്ത് ഗണ്യമായ സംഭാവന നൽകുന്നവരാണ് വിദേശത്ത് ജോലി ചെയ്യുന്ന മലയാളികൾ. സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിന്റെ ഏകദേശം 15 ശതമാനത്തോളം വരും ഇപ്രകാരം ലഭിക്കുന്ന പുറംവരുമാനം എന്നാണ് കണക്കാക്കിയിട്ടുള്ളത്. പ്രവാസികൾ നാട്ടിൽ വന്നുപോകുമ്പോൾ നടത്തുന്ന ഉപഭോഗവും മറ്റ് ചെലവുകളും നമ്മുടെ വ്യവസായ വ്യാപാര മേഖലയുടെ വളർച്ചയുടെ ഒരു പ്രധാന ഘടകമാണ്. സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് ഇതുണ്ടാക്കുന്ന ഉണർവ് ഒട്ടും ചെറുതല്ല. ദേശീയ സാമ്പത്തികരംഗത്തുള്ള മാന്ദ്യംകൂടി കണക്കിലെടുക്കുമ്പോൾ മേൽപ്പറഞ്ഞ ഭേദഗതി നിർദ്ദേശം നടപ്പായാൽ സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ച വലിയ തിരിച്ചടി നേരിടും.

ഇതുകൂടാതെ, മറ്റേതെങ്കിലും വിദേശ രാജ്യത്ത് ടാക്സ് നൽകാത്ത ഇൻഡ്യൻ പൗരനെ ഇൻഡ്യൻ പൗരനായി കണക്കാക്കി ടാക്സ് ചുമത്തുമെന്ന 1961-ലെ ആദായ നികുതി നിയമത്തിന്റെ വകുപ്പ് 6-നുള്ള ഭേദഗതി നിർദ്ദേശവും ഉണ്ടായിട്ടുണ്ട്. വ്യക്തിഗത ആദായനികുതിയോ ഇൻഡ്യയുമായി ഇരട്ട നികുതി ഉടമ്പടി കരാറോ ഇല്ലാത്ത രാജ്യങ്ങളിൽ ജോലി ചെയ്യുന്ന സാധാരണക്കാർക്ക്

ഇത് ദോഷകരമായിത്തീരും. നമ്മുടെ നാടിന്റെ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനും സാമൂഹിക സാമ്പത്തിക മേഖലകളിൽ സർക്കാരിന്റെ ഇടപെടൽ ശേഷി വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ നടപടി കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. വെളിപ്പെടുത്താത്ത വരുമാനത്തിനും അനധികൃതമായി പണം കടത്തുന്നതിനും ആദായ നികുതി വെട്ടിക്കുന്നതിനും കർശന നടപടി ആവശ്യമാണെന്ന് അംഗീകരിക്കുമ്പോൾത്തന്നെ സാധാരണക്കാരും പരിമിത വരുമാനക്കാരുമായ പ്രവാസികളെ ഈ നിയമഭേദഗതിയുടെ പരിധിയിൽനിന്ന് ഒഴിവാക്കാനാവശ്യമായ നടപടി കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം. ബജറ്റ് പ്രഖ്യാപിച്ച ഉടൻ, സംസ്ഥാന സർക്കാർ ഈ പ്രശ്നം ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ, കേന്ദ്രസർക്കാർ ഫെബ്രുവരി 2-ാം തീയതിയിലെ പ്രസ് റിലീസ് മുഖാന്തിരം "മറ്റ് രാജ്യങ്ങളിൽ തൊഴിൽ ചെയ്യുന്ന ഇൻഡ്യൻ പൗരന്മാരെ നികുതി വലയത്തിൽ ഉൾപ്പെടുത്തുന്ന ഉദ്ദേശ്യത്തോടെയല്ല ഈ ഭേദഗതി കൊണ്ടുവന്നിട്ടുള്ളതെന്ന്" പ്രഖ്യാപിക്കുന്നുണ്ടെങ്കിലും ധനബിൽ 2020-ലെ നിർദ്ദേശങ്ങൾ 1961-ലെ ആദായ നികുതി നിയമത്തിൽ ഉൾപ്പെടുത്തപ്പെട്ടാൽ മറിച്ചൊരു സ്ഥിതിവിശേഷം ആയിരിക്കും ഉണ്ടാവുക.

മേൽപ്പറഞ്ഞ വസ്തുതകൾ പരിഗണിച്ച് 2020-ലെ ധനകാര്യ ബില്ലിൽ പ്രവാസികളെ, പ്രത്യേകിച്ച് ഗൾഫ് രാജ്യങ്ങളിലുള്ളവരെ ദോഷകരമായി ബാധിക്കുന്ന 1961-ലെ ആദായ നികുതി നിയമത്തിലെ 6-ാം വകുപ്പ് ഭേദഗതി ചെയ്യാനുള്ള നിർദ്ദേശം ഒഴിവാക്കാൻ കേന്ദ്ര സർക്കാർ തയ്യാറാകണമെന്ന് ഈ സഭ ആവശ്യപ്പെടുന്നു" എന്ന പ്രമേയം അവതരിപ്പിക്കുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. സി. ജോസഫ്: പ്രമേയത്തിലെ അവസാനത്തെ ഖണ്ഡികയ്ക്കുമുമ്പായി താഴെപ്പറയുന്ന ഖണ്ഡിക ചേർക്കുക:

"പ്രവാസികളുടെ നാട്ടിലെ വരുമാനം ഇപ്പോൾത്തന്നെ നികുതി ഘടനയ്ക്ക് വിധേയമായതിനാൽ മേൽപ്പറഞ്ഞ ഒരു ഭേദഗതിതന്നെ അപ്രസക്തമാണ്. ഈ ഭേദഗതി നീക്കം ചെയ്തില്ലെങ്കിൽ നാളെ മറ്റുതരത്തിൽ ഇത് തെറ്റായി വ്യാഖ്യാനിച്ച് പ്രവാസികൾ വിദേശത്ത് സമാഹരിക്കുന്ന വരുമാനത്തിനുതന്നെ നികുതി ഈടാക്കാനുള്ള സ്ഥിതിവിശേഷം ഉണ്ടാകാനിടയുണ്ട്" എന്ന ഭേദഗതി അവതരിപ്പിക്കുന്നു.

പ്രമേയത്തെ അനുകൂലിക്കുന്നു. കേന്ദ്ര ഗവൺമെന്റ് വളരെ

ലാഘവത്തോടുകൂടിയാണ് ബിൽ തയ്യാറാക്കിയിരിക്കുന്നത്. പ്രവാസികളെ ദോഷകരമായി ബാധിക്കുന്ന ഈ നിലപാടിൽനിന്ന് പിന്തിരിയുന്നതിന് കേന്ദ്രഗവൺമെന്റിൽ ശക്തമായ സമ്മർദ്ദം ചെലുത്തണം.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): പ്രമേയത്തെ അനുകൂലിക്കുന്നു. പ്രവാസികൾക്ക് ഇൻഡ്യയിൽ നികുതി ഏർപ്പെടുത്താനുള്ള നീക്കം അപ്രായോഗികവും പ്രവാസിയെന്ന പദവിയെത്തന്നെ വെല്ലുവിളിക്കുന്നതുമാണ്. പ്രവാസി നിക്ഷേപം പ്രോത്സാഹിപ്പിക്കാൻ ശ്രമിക്കുകയാണെന്ന് പറയുകയും പ്രവാസികളെ ദ്രോഹിക്കുകയും ചെയ്യുന്ന നിലപാടിൽനിന്ന് കേന്ദ്രസർക്കാർ പിന്മാറണം.

ശ്രീ. വി. ഡി. സതീശൻ: കേന്ദ്ര ധനകാര്യ മന്ത്രാലയം പ്രസ് റിലീസിലൂടെ വ്യക്തത വരുത്തിയ കാര്യങ്ങൾ നിയമസഭ പാസ്സാക്കുന്ന പ്രമേയത്തിൽനിന്ന് ഒഴിവാക്കണം.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: പ്രമേയത്തെ അനുകൂലിക്കുന്നു. സ്വദേശത്ത് ആരംഭിക്കുന്ന സംരംഭത്തിൽനിന്നും ലഭിക്കുന്ന വരുമാനത്തിന് നികുതി കൊടുക്കണമെന്ന സാഹചര്യം ഒഴിവാക്കാനായി പ്രമേയം ഐകകണ്ഠ്യേന പാസ്സാക്കണം.

ഡോ. എം. കെ. മുനീർ: പ്രമേയത്തെ അനുകൂലിക്കുന്നു. പ്രവാസികളെ ദ്രോഹിക്കുന്ന തീരുമാനമാണ് കേന്ദ്രസർക്കാർ എടുത്തിരിക്കുന്നത്. പ്രവാസികൾ വിദേശത്ത് ജോലി ചെയ്യുന്നതിനാണോ സ്വന്തം നാട്ടിൽ നടത്തുന്ന സംരംഭത്തിനാണോ നികുതി കൊടുക്കേണ്ടതെന്ന കാര്യത്തിൽ അവ്യക്തതയുണ്ട്.

ശ്രീ. എൻ. ഷംസുദ്ദീൻ: പ്രമേയത്തെ അനുകൂലിക്കുന്നു. 120 ദിവസം നാട്ടിൽ നിൽക്കുന്ന ഒരാൾക്ക് പ്രവാസി സ്റ്റാറ്റസ് നഷ്ടപ്പെടുമെന്ന നിലവിലെ അവസ്ഥ പ്രവാസികളെ ദോഷകരമായി ബാധിക്കുന്നതാണ്.

മുഖ്യമന്ത്രിക്കുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): പാർലമെന്റിൽ ഇതൊരു സജീവ വിഷയമായി ശ്രദ്ധയിൽപ്പെടുത്താനാണ് ശ്രമിക്കുന്നത്. പ്രവാസികളെ റെസിഡന്റായി കണക്കാക്കുമ്പോൾ അവരുടെ വിദേശ വരുമാനവും ടാക്സിന്റെ പരിധിക്കകത്ത് വരുമെന്നതിനാൽ ഭേദഗതിക്ക് പ്രസക്തിയില്ല. പ്രമേയം അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചു.

പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കി.

## VI റിപ്പോർട്ട് സമർപ്പണം

പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ അറുപത്തി അഞ്ച് മുതൽ എഴുപത് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

## VII നിയമനിർമ്മാണകാര്യം

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(i) 2020-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

(ii) 2020-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): 2020-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലും 2020-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലും അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബില്ലുകൾ അവതരിപ്പിച്ചിരിക്കുന്നു.

**ക്രമപ്രശ്നം**

ബിൽ മാറ്റിവയ്ക്കുന്നത് സംബന്ധിച്ച്

ശ്രീ. മഞ്ഞളാംകുഴി അലി: തദ്ദേശഭരണ സ്ഥാപനങ്ങളുടെ അംഗസംഖ്യ

2011-ലെ സെൻസസിന്റെ അടിസ്ഥാനത്തിൽ വർദ്ധിപ്പിക്കുമ്പോൾ അഡ്മിനിസ്ട്രേറ്റീവ് ബൗണ്ടറികൾ മാറ്റം വരുത്തേണ്ടതായി വരും. 1990-ലെ സെൻസസ് ചട്ടം 8(4) പ്രകാരം സെൻസസ് കമ്മീഷണർ നിശ്ചയിക്കുന്ന സെൻസസ് റഫറൻസ് തീയതിക്ക് ഒരു വർഷം മുമ്പുമുതൽ നടപടിക്രമം പൂർത്തിയാകുന്നതുവരെ അഡ്മിനിസ്ട്രേറ്റീവ് ബൗണ്ടറികൾ മാറ്റം വരുത്താൻ പാടില്ലെന്നാണ് വ്യവസ്ഥ. 2021-ലെ സെൻസസ് നടപടികൾ ആരംഭിച്ച സാഹചര്യത്തിൽ അഡ്മിനിസ്ട്രേറ്റീവ് ബൗണ്ടറികളിൽ 31.12.2019-നുശേഷം മാറ്റം വരുത്തിയിട്ടില്ലെന്ന് ഉറപ്പുവരുത്തണമെന്ന് സംസ്ഥാന ചീഫ് സെക്രട്ടറിക്ക് രജിസ്ട്രാർ ജനറൽ ആന്റ് സെൻസസ് കമ്മീഷണർ ഓഫ് ഇന്ത്യ നിർദ്ദേശം നൽകിയിട്ടുണ്ട്. കേന്ദ്ര നിയമത്തിനെതിരായും ഹൈക്കോടതിയെ തെറ്റിദ്ധരിപ്പിച്ചും സഭയുടെ മുമ്പാകെ വന്നിരിക്കുന്ന ഈ രണ്ട് ബില്ലുകളും പിൻവലിക്കാനാവശ്യമായ റൂളിംഗ് നൽകണം.

<u>ശ്രീ. വി. ഡി. സതീശൻ</u>: സെൻസസ് ചട്ടം 8(4) പ്രകാരം അഡ്മിനിസ്ട്രേറ്റീവ് ബൗണ്ടറിയിൽ മാറ്റം വരുത്താൻ പാടില്ലെന്ന് സെൻസസ് കമ്മീഷണറും രജിസ്ട്രാർ ജനറലും  കേരള സർക്കാരിനെ അറിയിച്ചിട്ടുണ്ട്. എന്നാൽ ഈ നിയമത്തിലൂടെ ബൗണ്ടറിയിൽ മാറ്റം വരാൻ പോകുകയാണ്.

<u>ശ്രീ. കെ. സി. ജോസഫ്</u>: ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ വരുത്തുകയും ചെയ്താൽ സംസ്ഥാന സഞ്ചിത നിധിയിൽനിന്നും യാതൊരു അധികച്ചെലവും ഉണ്ടാകുന്നതല്ലെന്ന് ധനകാര്യ മെമ്മോറാണ്ടത്തിൽ പറയുന്നുണ്ടെങ്കിലും വാർഡുകളുടെ എണ്ണം വർദ്ധിക്കുന്നതനുസരിച്ച് അധികച്ചെലവുണ്ടാകും. ഹൈക്കോടതിയുടെ പരിഗണനയിലുള്ള കേസിനെതിരെയുള്ള സർക്കാരിന്റെ വാദഗതിയും അതിനാധാരമായ വിധിയേയും സംബന്ധിച്ച് വ്യക്തത വരുത്താതെ ബില്ലിന്റെ ചർച്ച നടത്താൻ പാടില്ല.

<u>ശ്രീ. എം. ഉമ്മർ</u>: വില്ലേജുകൾ തമ്മിൽ വാർഡ് വിഭജിക്കാതെ ഒരു പഞ്ചായത്തിൽ വാർഡ് വിഭജനം ഒരിക്കലും പൂർത്തീകരിക്കാൻ കഴിയില്ല; ഈ ബിൽ കേന്ദ്ര നിയമത്തിന് വിരുദ്ധമാണ്.

<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u>: അഡ്മിനിസ്ട്രേറ്റീവ് പ്രയോരിറ്റിയുള്ള കാര്യമാണ് പഞ്ചായത്ത് ഇലക്ഷനും വാർഡ് വിഭജനവും. കോൺസ്റ്റിറ്റ്യൂഷണൽ ഇഷ്യൂസ് കൂടിയുണ്ടെന്ന് മനസ്സിലാക്കി ഇതിനൊരു വ്യക്തത കൊണ്ടുവരണം.

<u>ശ്രീ. സണ്ണി ജോസഫ്</u>: ഈ നിയമം പ്രാബല്യത്തിൽ വരുമ്പോൾ പഞ്ചായത്തുകളിലെ വാർഡുകളുടെ എണ്ണം കൂട്ടാൻ അതിർത്തി നിർണ്ണയത്തിന്

പണം ചെലവഴിക്കേണ്ടിവരുമെന്ന കാര്യം ധനകാര്യ മെമ്മോറാണ്ടത്തിൽ ഉൾപ്പെടുത്തണം.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): ഓർഡിനൻസുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഗവർണ്ണർ ഉന്നയിച്ച സംശയങ്ങൾക്ക് വിശദീകരണം നൽകുകയും ബില്ലിന്റെ കരട് അംഗീകാരത്തിനുശേഷം നിയമാനുസൃതമായ നടപടികൾ സ്വീകരിച്ചുമാണ് സഭയിൽ അവതരിപ്പിച്ചിരിക്കുന്നത്. സെൻസസ് ചട്ടത്തിലെ വ്യവസ്ഥയും സെൻസസ് കമ്മീഷണറുടെ തീരുമാനവും പാലിച്ചുകൊണ്ട് കരട് ബില്ലിലെ വ്യവസ്ഥകൾ നടപ്പാക്കുമ്പോൾ അഡ്മിനിസ്ട്രേറ്റീവ് യൂണിറ്റുകളുടെയും റവന്യൂ വില്ലേജിന്റെയും അതിർത്തിയിൽ മാറ്റം വരുന്നില്ല; വാർഡുകളുടെ അതിർത്തിയിലാണ് മാറ്റം വരുന്നത്. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജിയിൽ പഞ്ചായത്ത് വിഭജനം സംബന്ധിച്ച് പ്രതിപാദിക്കുന്നതിനാൽ ഈ കേസ് ബില്ലിനെ ബാധിക്കുകയില്ല. സെൻസസ് നടത്തുന്നതിനെ സംബന്ധിച്ച് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ അഡ്മിനിസ്ട്രേറ്റീവ് യൂണിറ്റുകളുടെ അതിർത്തിയിൽ മാറ്റം വരുത്തേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിലെ അംഗങ്ങൾക്കുള്ള പ്രതിമാസ ആനുകൂല്യങ്ങളും മറ്റും അവരുടെ ഫണ്ടിൽനിന്നും ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ നൽകുന്ന ആനുകൂല്യങ്ങൾ ജനറൽ പർപ്പസ് ഗ്രാന്റിൽനിന്നും സംസ്ഥാന ധനകാര്യ കമ്മീഷന്റെ അവാർഡ് പ്രകാരമാണ് നിശ്ചയിക്കുന്നത്. വാർഡുകളുടെ എണ്ണം വർദ്ധിക്കുന്നതുകൊണ്ട് ജനറൽ പർപ്പസ് ഗ്രാന്റ് വർദ്ധിക്കുന്നില്ല. സർക്കാരിന്റെ സഞ്ചിതനിധിയിൽനിന്നും അധിക ചെലവ് വരുന്നില്ല.

കരട് ബില്ലിലെ വ്യവസ്ഥകൾ കേന്ദ്രനിയമത്തിന്റെ വ്യവസ്ഥകൾക്കും രജിസ്ട്രാർ ഓഫ് സെൻസസ് കമ്മീഷണർ ഓഫ് ഇന്ത്യയുടെ നിർദ്ദേശത്തിനും ഹൈക്കോടതി വിധിക്കും വിരുദ്ധമല്ല. 2015-ലെ വാർഡ് വിഭജനത്തിലെ അനോമലി പരിഹരിക്കുന്നതിനുവേണ്ടി നിയമവിധേയമായിട്ടാണ് ഈ ബില്ലുകൾ അവതരിപ്പിച്ചത്.

**റൂളിംഗ്**

<u>മി. സ്പീക്കർ</u>: 2020-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ, 2020-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ എന്നിവയുടെ അവതരണത്തിനെതിരെ പ്രധാനമായും രണ്ട് തടസ്സവാദങ്ങളാണ് ഉന്നയിക്കപ്പെട്ടത്. ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ചെയർ

ഇക്കാര്യം വിശദമായി പരിശോധിച്ചു. 1990-ലെ സെൻസസ് റൂൾസിന്റെ ചട്ടം 8(iv)-ൽ പറഞ്ഞിരിക്കുന്ന പ്രകാരം ജില്ലയുടെയോ താലൂക്കിന്റെയോ ടൗണിന്റെയോ ഭരണപരമായ അതിരുകൾ (Administrative Boundaries) മാറ്റം വരുന്നില്ല. അതുകൊണ്ട് ഈ ബില്ലിലൂടെയുള്ള നിയമനിർമ്മാണ നിർദ്ദേശങ്ങൾ 1990-ലെ ചട്ടങ്ങളുടെയോ 2019-ലെ ഹൈക്കോടതി വിധിയുടെയോ ലംഘനമോ സഭയുടെ നിയമനിർമ്മാണാധികാരത്തെ ഒരു തരത്തിലും തടസ്സപ്പെടുത്തുന്നതോ അല്ല.

ഈ ഭേദഗതിനിയമം നിലവിൽ വന്നാൽ വേണ്ടിവരുന്ന അധിക സാമ്പത്തിക ബാധ്യത ഗ്രാമപഞ്ചായത്തുകളുടെ തനതു ഫണ്ടിൽനിന്നും മറ്റുള്ളവയുടെ കാര്യത്തിൽ ജനറൽ പർപ്പസ് ഗ്രാന്റിൽനിന്നുമാണ് വഹിക്കപ്പെടുന്നതെന്നതിനാൽ സംസ്ഥാന സഞ്ചിതനിധിയിൽനിന്നും അധിക ബാധ്യത ഉണ്ടാകുന്നില്ലെന്ന മന്ത്രിയുടെ വാദം വസ്തുതാപരമായി കാണുന്നു. ആയതിനാൽ തടസ്സവാദങ്ങൾ നിലനിൽക്കുന്നതല്ല.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): 2020-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലും 2020-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലും തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും

സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. പി. ടി. തോമസ്: 2020-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 29-02-2020 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

2020-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലിന്റെ പീഠികയിൽ " 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് (1994-ലെ 20) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ; ഭാരത റിപ്പബ്ലിക്കിന്റെ എഴുപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു" എന്ന പരമാർശം തെറ്റാണ്. ഇപ്പോൾ ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയൊന്നാം സംവത്സരമാണ്. ഗ്രാമപഞ്ചായത്തിലേയും മുനിസിപ്പാലിറ്റികളിലേയും കോർപ്പറേഷനുകളിലെയും കൗൺസിലർമാരുടെ ഓണറേറിയവും മറ്റ് ബത്തകളും നൽകുന്നത് സംസ്ഥാന സഞ്ചിതനിധിയിൽനിന്നല്ലെന്നാണ് ധനകാര്യ മെമ്മോറാണ്ടത്തിൽ

പരാമർശിച്ചിരിക്കുന്നതെങ്കിലും വാർഡ് വിഭജനം നടത്തുമ്പോൾ വൻ സാമ്പത്തിക ബാദ്ധ്യത സൃഷ്ടിക്കപ്പെടുകയാണ്. വോട്ടർ പട്ടിക, തിരിച്ചറിയൽ കാർഡ് എന്നിവയുടെ കാര്യത്തിൽ കുറ്റമറ്റ സമീപനമുണ്ടാകണം. രാഷ്ട്രീയപ്രേരിതമായ വാർഡ് വിഭജനം പഞ്ചായത്ത്/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ സംവിധാനങ്ങളുടെ ജനാധിപത്യ അന്തഃസത്തയെ തകർക്കും.

ശ്രീ. മുല്ലക്കര രത്നാകരനുവേണ്ടി ശ്രീ. ആർ. രാമചന്ദ്രൻ: 2020-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

കേരളത്തിലെ ത്രിതല പഞ്ചായത്ത് സംവിധാനം ഫലപ്രദമായ പ്രവർത്തനത്തിലൂടെ അംഗീകാരം നേടിയ പശ്ചാത്തലത്തിൽ സുതാര്യവും സമയബന്ധിതവുമായ പ്രവർത്തനമെന്നതാണ് വാർഡ് വിഭജനത്തിലൂടെ ലക്ഷ്യമിടുന്നത്. ജനോപകാരപ്രദമായ പദ്ധതികൾ പ്രാപ്യമാകുന്നുവെന്നതിന്റെ തെളിവാണ് സർക്കാരിന് വർദ്ധിച്ചുവരുന്ന പിന്തുണയെന്നത് പ്രതിപക്ഷം വിസ്മരിക്കരുത്.

ശ്രീ. പി. ഉണ്ണി: 2020-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 29-02-2020 വരെ സർക്കുലേറ്റ്

ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.'

വാർഡ് വിഭജനം ജനസംഖ്യാനുപാതത്തിലെന്ന നടപടി ശ്ലാഘനീയമാണ്. പഞ്ചായത്തുകളെ ശക്തിപ്പെടുത്താനുള്ള നിലപാടുമായാണ് വാർഡ് വിഭജനത്തിലൂടെ സർക്കാർ മുന്നോട്ടുപോകുന്നത്. ഓരോ സ്ഥലങ്ങളിലെയും പ്രാദേശിക സാഹചര്യവും ഗ്രാമസഭകളുടെ നിർദ്ദേശവും പരിഗണിച്ച് പ്രാദേശിക-ജില്ലാതലങ്ങളിൽ ഡിസാസ്റ്റർ മാനേജ്മെന്റ് നടപ്പിലാക്കാനും സംസ്ഥാന-ജില്ലാ ദുരന്തനിവാരണ അതോറിറ്റികളുടെ പ്രവർത്തനം ജനകീയമാക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്താനുമുള്ള തീരുമാനം അഭിനന്ദനാർഹമാണ്. നികുതി പിരിവ് ഊർജ്ജിതപ്പെടുത്താൻ നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): ബില്ലുമായി ബന്ധപ്പെട്ട സാങ്കേതിക പ്രശ്നങ്ങൾ സബ്ജക്റ്റ് കമ്മിറ്റി ചർച്ചാവേളയിൽ വ്യക്തത വരുത്തി പരിഹരിക്കാവുന്നതാണ്. ഇലക്ഷൻ കമ്മീഷന്റെ നിർദ്ദേശാനുസരണമാണ് പുതുക്കിയ വോട്ടർ പട്ടിക തയ്യാറാക്കുന്നത്. പരമാവധി വോട്ടർമാരെ ഉൾപ്പെടുത്തി പുതുക്കിയ വോട്ടർ പട്ടിക പ്രസിദ്ധീകരിക്കാൻ എല്ലാവരുടെയും പരിശ്രമം ആവശ്യമാണ്. പുതുതായി പട്ടികയിലുൾപ്പെട്ടവർക്ക്

വോട്ട് രേഖപ്പെടുത്താൻ ഇലക്ഷൻ കമ്മീഷൻ നിഷ്കർഷിച്ചിട്ടുള്ള രേഖകൾ ഉപയോഗിക്കാവുന്നതാണ്. വാർഡ് വിഭജനവുമായി ബന്ധപ്പെട്ട് ഉന്നയിക്കപ്പെട്ട ആരോപണങ്ങൾ അടിസ്ഥാനരഹിതമാണ്. 2015-ലെ വാർഡ് വിഭജനവുമായി ബന്ധപ്പെട്ട അനോമലി പരിഹരിക്കാനാണ് പ്രസ്തുത ബിൽ കൊണ്ടുവന്നിട്ടുള്ളത്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ ഭരണ-പ്രതിപക്ഷ ഭേദമെന്യേ യോജിച്ച പ്രവർത്തനം ആവശ്യമാണ്. വാർഡ് വിഭജനവുമായി ബന്ധപ്പെട്ട നോട്ടിഫിക്കേഷൻ ഇറക്കേണ്ടത് ഇലക്ഷൻ കമ്മീഷൻ ചെയർമാനായിട്ടുള്ള ഡീലിമിറ്റേഷൻ കമ്മീഷനാണ്. പഞ്ചായത്തുകളിലെ ജോലിഭാരം കണക്കിലെടുത്ത് കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്നതും അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതും പരിശോധിക്കുന്നതാണ്. ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാത്ത തരത്തിൽ വോട്ടർ പട്ടിക പുതുക്കുന്നതിന് അവസരമൊരുക്കണമെന്ന കാര്യം ഇലക്ഷൻ കമ്മീഷന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതും തദ്ദേശഭരണ തെരഞ്ഞെടുപ്പ് സമയബന്ധിതമായി നടത്തുന്നതിന് നടപടി സ്വീകരിക്കുന്നതുമാണ്. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ

പിൻവലിക്കുകയോ ചെയ്തു.

2020-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലും 2020-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലും തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബില്ലുകൾ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചു.

(iii) 2020-ലെ കേരള ക്രിസ്ത്യൻ സെമിത്തേരികൾ (ശവം അടക്കം ചെയ്യുന്നതിനുള്ള അവകാശം) ബിൽ

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): 2020-ലെ കേരള ക്രിസ്ത്യൻ സെമിത്തേരികൾ (ശവം അടക്കം ചെയ്യുന്നതിനുള്ള അവകാശം) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും

പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): 2020-ലെ കേരള ക്രിസ്ത്യൻ സെമിത്തേരികൾ (ശവം അടക്കം ചെയ്യുന്നതിനുള്ള അവകാശം) ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): പ്രമേയത്തെ പിന്താങ്ങുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): 03-07-2017-ലെ സുപ്രീംകോടതി വിധിയെത്തുടർന്ന് ഓർത്തഡോക്സ്-യാക്കോബായ വിഭാഗങ്ങൾ തമ്മിൽ ഉടലെടുത്ത പ്രശ്നത്തെത്തുടർന്ന് ശവസംസ്കാരംപോലും നടത്താൻ സാധിക്കാത്ത സ്ഥിതിവിശേഷമുണ്ടായ സാഹചര്യത്തിലാണ് ഈ നിയമനിർമ്മാണം നടത്താൻ സർക്കാർ നിർബന്ധിതമായത്.

ശ്രീ. അബ്ദുൽ ഹമീദ് പി.: I move that-

" This House resolves to disapprove The Kerala Christian Cemeteries (Right to burial of corpse) Ordinance, 2020 (Ordinance No.1 of 2020)."

സുപ്രീംകോടതി വിധിയെത്തുടർന്ന് ഓർത്തഡോക്സ്-യാക്കോബായ വിഭാഗങ്ങൾ തമ്മിൽ തർക്കം നിലനിൽക്കുന്ന സാഹചര്യത്തിൽ ഇരുവിഭാഗങ്ങളേയും സമവായത്തിലെത്തിക്കാനുള്ള ശ്രമം നടത്താതെ ഒരു വിഭാഗക്കാരുടെ ശവം പള്ളികളിൽ മറവ് ചെയ്യുന്നതിനായി സർക്കാർ നിയമനിർമ്മാണത്തിലൂടെ ശ്രമിക്കുന്നത് ഇരുവിഭാഗങ്ങൾ തമ്മിലുള്ള പ്രശ്നങ്ങൾ രൂക്ഷമാക്കും. പള്ളികളുടെ ഉടമസ്ഥാവകാശം 1934-ലെ മലങ്കര ഓർത്തഡോക്സ് സഭയുടെ ഭരണഘടന അനുസരിച്ചായിരിക്കണമെന്ന സുപ്രീംകോടതി ഉത്തരവ് നടപ്പിലാക്കാൻ സർക്കാർ ബാധ്യസ്ഥമാണ്. വിവിധ ക്രൈസ്തവ സഭകളുടെ നേതൃത്വവുമായി ഇതുസംബന്ധിച്ച് സമവായ ചർച്ച നടത്തി ഇരുവിഭാഗങ്ങളെയും വിശ്വാസത്തിലെടുത്ത് ബലപ്രയോഗമില്ലാതെ കാര്യങ്ങൾ നടത്താനാണ് സർക്കാർ ശ്രമിക്കേണ്ടത്. ഈ നിയമം പ്രാബല്യത്തിലാകുന്നതോടെ വിശ്വാസികൾ തമ്മിൽ രൂക്ഷമായ അഭിപ്രായ വ്യത്യാസങ്ങളുണ്ടാകുമോയെന്ന ആശങ്ക നിലനിൽക്കുകയാണ്.

ശ്രീ. പി. കെ. അബ്ദു റബ്ബിനുവേണ്ടി ശ്രീ. എൻ. ഷംസുദ്ദീൻ: നിരാകരണ പ്രമേയത്തെ പിന്താങ്ങുന്നു. അവ്യക്തവും ആശയക്കുഴപ്പവുമുണ്ടാക്കുന്ന ഒരു ബില്ലാണിത്. ഇതിലെ നിർവ്വചനങ്ങൾ തീർത്തും അപൂർണ്ണമാണ്. മൃതശരീരം

അടക്കം ചെയ്യുന്നത് തടസ്സപ്പെടുത്തുന്നത് നിയമംമൂലം നിരോധിക്കുന്നത് സ്വീകാര്യമായ കാര്യമാണ്. നിയമനിർമ്മാണം നടത്തുമ്പോൾ ഇതുമായി ബന്ധപ്പെട്ട് ഉണ്ടാകാവുന്ന പ്രശ്നങ്ങൾകൂടി കണക്കിലെടുക്കേണ്ടതുണ്ട്. ഓർത്തഡോക്സ്-യാക്കോബായ വിഭാഗങ്ങൾ തമ്മിൽ നിലനിൽക്കുന്ന തർക്കങ്ങൾക്ക് ബിൽ രൂപപ്പെടുത്തുന്നതിനുമുമ്പ് ഫലപ്രദമായ രീതിയിൽ ചർച്ച നടത്തി പരിഹാരമുണ്ടാക്കണം. അനുരഞ്ജനത്തിലൂടെ തർക്കം പരിഹരിക്കാൻ മുൻകയ്യെടുക്കാതെ ഒരു വിഭാഗത്തിന്റെ മേൽ നിയമം അടിച്ചേൽപ്പിക്കുന്ന നിലയിലാണ് ബിൽ കൊണ്ടുവന്നിരിക്കുന്നത്. മധ്യകേരളത്തിലെ ഏതാനും പള്ളികളെ മാത്രം ബാധിക്കുന്ന തർക്കം പരിഹരിക്കുന്നതിനായി കൊണ്ടുവന്ന നിയമം അശ്രദ്ധമായി തയ്യാറാക്കിയതുകാരണം മുഴുവൻ ക്രിസ്ത്യാനികൾക്കും ബാധകമായി മാറിയിരിക്കുകയാണ്. ബില്ലിലെ നിയമപരമായ പോരായ്മകൾ പരിഹരിക്കുന്നതിന് ഒരു സെലക്ട് കമ്മിറ്റിക്കയയ്ക്കാൻ തയ്യാറാകണം.

<u>ശ്രീ. കെ. എസ്. ശബരീനാഥൻ:</u> 2020-ലെ കേരള ക്രിസ്ത്യൻ സെമിത്തേരികൾ (ശവം അടക്കം ചെയ്യുന്നതിനുള്ള അവകാശം) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 29-02-2020 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

യാതൊരു വ്യക്തതയുമില്ലാതെയാണ് ബിൽ തയ്യാറാക്കിയിരിക്കുന്നത്. ഓർത്തഡോക്സ്-യാക്കോബായ സഭാതർക്കത്തിന്റെ ഭാഗമായി മരണാനന്തര ചടങ്ങുകൾ നടത്താൻ കഴിയാത്ത സാഹചര്യത്തിൽ കൊണ്ടുവന്ന ബിൽ പ്രശ്നങ്ങൾ രൂക്ഷമാക്കുമെന്നതിനാൽ പ്രശ്നപരിഹാരം മുൻനിർത്തി നിയമത്തിൽ മാറ്റമുണ്ടാക്കണം.

ശ്രീ. സജി ചെറിയാനുവേണ്ടി ശ്രീ. ജോർജ് എം. തോമസ്: 2020-ലെ കേരള ക്രിസ്ത്യൻ സെമിത്തേരികൾ (ശവം അടക്കം ചെയ്യുന്നതിനുള്ള അവകാശം) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ബില്ലിനെ സംബന്ധിച്ച് ഉന്നയിച്ച സംശയങ്ങൾ തികച്ചും തെറ്റിദ്ധാരണാജനകമാണ്. ക്രിസ്തുമത വിശ്വാസികൾ ക്രിസ്തീയ പ്രമാണങ്ങൾ പഠിക്കുകയും പരസ്പരം ക്ഷമിക്കാൻ തയ്യാറാകുകയും സഭാതർക്കങ്ങൾ ചർച്ചകളിലൂടെ പരിഹരിക്കുകയും വേണം. ബില്ലിലെ 'വികാർ' എന്ന വാക്കിന് കുറച്ചുകൂടി വ്യക്തമായ നിർവ്വചനം നൽകുകയും വകുപ്പ് (3) ലംഘിക്കുന്നവർക്കെതിരെ ചുമത്തുന്ന ശിക്ഷയുടെ കാലാവധി ഉയർത്തുകയും പിഴത്തുക വർദ്ധിപ്പിക്കുകയും ചെയ്യണം. ഇത്തരമൊരു നിയമം കൊണ്ടുവരാൻ

തയ്യാറായ സർക്കാർ നടപടി അഭിനന്ദനാർഹമാണ്.

ശ്രീ. സി. മമ്മൂട്ടിക്കുവേണ്ടി ശ്രീ. മോൻസ് ജോസഫ്: വിവിധ ക്രൈസ്തവ വിഭാഗങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ബിൽ ലിമിറ്റ് ചെയ്യണമെന്നുള്ള നിർദ്ദേശം സർക്കാർ ഗൗരവമായി പരിഗണിക്കണം. മതപരമായ ആചാരാനുഷ്ഠാനങ്ങൾ നടത്താനുള്ള ഭരണഘടനാപരമായ സ്വാതന്ത്ര്യത്തിന്മേലുള്ള കടന്നുകയറ്റമാണ് ഈ ബില്ലിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. ബിൽ നടപ്പാക്കുന്നതിന്റെ ഭാഗമായി ക്രൈസ്തവസമൂഹത്തിനുള്ള ആശങ്ക പരിഹരിക്കാൻ കഴിയുന്ന തരത്തിലുള്ള ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. കുറ്റമറ്റ രീതിയിൽ നിയമമാക്കുന്നതിനായി ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണം.

ശ്രീ. കാരാട്ട് റസാഖിനുവേണ്ടി ശ്രീ. ജെയിംസ് മാത്യു: മൃതദേഹസംസ്കാരവുമായി ബന്ധപ്പെട്ട് കേരളീയ സമൂഹത്തിന് അംഗീകരിക്കാൻ കഴിയാത്ത സാഹചര്യം സംജാതമായതിന്റെ അടിസ്ഥാനത്തിലാണ് ഇത്തരമൊരു ബിൽ കൊണ്ടുവന്നത്. മരണപ്പെട്ടയാൾ ഇടവകയിലെ പൂർവ്വ അംഗമാണോ, പൂർവ്വികരെ ഇടവകയിലെ സെമിത്തേരിയിൽ സംസ്കരിച്ചിട്ടുണ്ടോ തുടങ്ങിയ കാര്യങ്ങളിൽ വ്യക്തതയുണ്ടാക്കുകയും അതിനോടനുബന്ധമായി ഉണ്ടാകാവുന്ന നിയമപ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള സംവിധാനം ചട്ടത്തിൽ ഉൾപ്പെടുത്തുകയും

വേണം. മൃതദേഹവുമായി വരുന്നവർക്ക് മരണപ്പെട്ടയാളോടുള്ള ബന്ധം വ്യക്തമാക്കണം. മുൻകൂട്ടി അനുവാദം വാങ്ങി സെമിത്തേരികളിൽ മൃതദേഹം സംസ്കരിക്കുന്നതിനുള്ള അവകാശം നിയമംമൂലം അനുശാസിക്കണം. ഇത്തരമൊരു നിയമനിർമ്മാണം നടത്തുമ്പോഴുണ്ടാകുന്ന ആശങ്കകളൊഴിവാക്കി പ്രായോഗിക നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച് സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്ത് വ്യക്തത വരുത്തണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): ബില്ലിന്റെ ഉള്ളടക്കത്തോട് എല്ലാവരും യോജിക്കുന്നുണ്ടെങ്കിലും പ്രായോഗിക പ്രശ്നങ്ങളിൽ വ്യക്തത വരുത്തേണ്ടതുണ്ട്. മൃതശരീരത്തോട് ആദരവ് കാട്ടുന്നതിനും മരണപ്പെട്ടവരുടെ അവകാശം സംരക്ഷിക്കുന്നതിനുമാണ് ഈ ബിൽ വ്യവസ്ഥ ചെയ്യുന്നത്. ഒരാൾ ജീവിച്ചിരുന്നപ്പോൾ സ്വീകരിച്ചിരുന്ന മതത്തിന്റെയും അനുശാസിച്ചിരുന്ന ആചാരാനുഷ്ഠാനങ്ങളുടെയും അടിസ്ഥാനത്തിൽ കാലവിളംബം കൂടാതെ മൃതശരീരം അടക്കം ചെയ്യുകയെന്നുള്ളത് മരണപ്പെട്ട ആളിന്റെ അവകാശവും സമൂഹത്തിന്റെ കടമയുമാണ്. ക്രിസ്ത്യൻ സമുദായങ്ങൾക്കിടയിൽ ചില സെമിത്തേരികളിൽ

ശവസംസ്കാരം നടത്തുന്നതിന് തടസ്സങ്ങൾ നേരിട്ട സാഹചര്യത്തിൽ അനിഷ്ടസംഭവങ്ങളുണ്ടാവുകയും ദിവസങ്ങളോളം ശവമടക്ക് നടത്താൻ കഴിയാതെ വരികയും ചെയ്തത് മൃതദേഹത്തോടുള്ള അനാദരവും അവകാശലംഘനവുമാണ്. തർക്കങ്ങൾ സംബന്ധിച്ച് കോടതി തീർപ്പ് കല്പിച്ചെങ്കിലും സംഘർഷാവസ്ഥ തുടരുന്നതിനാലാണ് ഒരു ഇടവകയിൽ ഉൾപ്പെടുന്ന കുടുംബങ്ങളിലെ എല്ലാ അംഗങ്ങൾക്കും അവരുടെ പൂർവ്വികരെ അടക്കം ചെയ്തിട്ടുള്ള സെമിത്തേരിയിൽ അടക്കം ചെയ്യപ്പെടുന്നതിനുള്ള അവകാശമുണ്ടായിരിക്കുന്നതാണെന്ന് വ്യവസ്ഥ ചെയ്യുന്ന നിയമനിർമ്മാണം നടത്തേണ്ടിവന്നത്. പ്രായോഗികമായി നടപ്പാക്കാൻ സാധിക്കാത്ത കാര്യങ്ങളുണ്ടെങ്കിൽ അവ വിഷയനിർണ്ണയ സമിതിയിൽ പരിശോധിക്കുന്നതും ആവശ്യമെങ്കിൽ ഭേദഗതി വരുത്താവുന്നതും നിയമത്തിന് പൂർണ്ണത നൽകാൻ ശ്രമിക്കുന്നതുമാണ്. വിശ്വാസത്തിന്റെ പേരിൽ സഭാംഗമായ ആളുടെ മൃതശരീരം മറവുചെയ്യുന്നത് തടസ്സപ്പെടുത്താൻ പാടില്ലെന്ന കോടതി വിധികളുടെ അടിസ്ഥാനത്തിലാണ് ഇങ്ങനെയൊരു നിയമം കൊണ്ടുവരുന്നത്. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നിരാകരണ പ്രമേയം സഭ നിരാകരിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2020-ലെ കേരള ക്രിസ്ത്യൻ സെമിത്തേരികൾ (ശവം അടക്കം ചെയ്യുന്നതിനുള്ള അവകാശം) ബിൽ ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചു.

സഭ വൈകുന്നേരം 5.47-ന് പിരിഞ്ഞു.